ഗവ:മോഡൽ
എൽ.പി. എസ്
ശാസ്താം കോവിൽ
2025-26

# അക്കാദമിക
# മാസ്റ്റർ പ്ലാൻ





# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല: കൊല്ലം
2. സ്കൂൾ കോഡ്: 41514
3. സ്കൂളിന്റെ പേര്: ഗവ: മോഡൽ. എൽ. പി. എസ്. ശാസ്താം കോവിൽ.
4. മേൽവിലാസം : മയ്യനാട്. P.O, കൊല്ലം
5. പിൻ. കോഡ് : 691303
6. ഇ. മെയിൽ അഡ്രസ് : 41514klm@gmail.com.
7. ഗ്രാമപഞ്ചായത്ത് : മയ്യനാട്.
8. വിദ്യാഭ്യാസ ഉപജില്ല : ചാത്തന്നൂർ.
9. ക്ലാസുകൾ : പ്രീ-പ്രൈമറി മുതൽ നാല് വരെ.
10 മാനേജ്മെന്റ് : ഗവൺമെന്റ്
11. പഠന മാധ്യമം : മലയാളം.

# ആമുഖം

1913-ൽ മുൻ മുഖ്യമന്ത്രി സി: കേശവന്റെ നേതൃത്വത്തിൽ മയ്യനാട് ഗ്രാമത്തിലെ കുട്ടികൾക്ക് ഇംഗ്ലീഷിൽ പ്രാവീണ്യം നേടുന്നതിനായി ഇംഗ്ലീഷ് മീഡിയം സ്കൂൾ ആയി ആരംഭിക്കുകയും, തുടർന്ന് സർക്കാർ സ്കൂൾ നടത്തുന്നതിനായി കൈമാറുകയും ചെയ്തു. 1973-ൽ ഗവ: മോഡൽ എൽ. പി. എസ് എന്ന് നാമകരണം ചെയ്യപ്പെട്ടു. അറബിക്കടലിന്റെ തീരത്ത് ശാസ്താം കടവിന്റെ ഓരത്ത് ചേർന്ന് സവിശേഷമായ ഭൂപ്രദേശമായി ഈ സ്കൂൾ പരിലസിക്കുന്നു.

പ്രീ-പ്രൈമറി ഉൾപ്പടെ 68 കുട്ടികളും ആറ് അദ്ധ്യാപകരും അനദ്ധ്യാപകരുമായി മികച്ച രീതിയിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നടത്തി വരുന്നു. SMC അംഗങ്ങളുടെയും മറ്റ് അഭ്യുദയകാംക്ഷികളുടെയും സഹായത്തോടെ ഒരു വലിയ മാറ്റത്തിന് ഒരുങ്ങുന്ന വേളയിൽ സ്കൂളിന്റെ

വികസനം മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കിയ പ്രവർത്തനങ്ങൾ ആണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

* സമഗ്ര ഗുണമേന്മാ പദ്ധതി അടിസ്ഥാനമാക്കി ഉള്ള അക്കാദമിക പ്രവർത്തനങ്ങൾ.
* എല്ലാ കുട്ടികളെയും അടിസ്ഥാന ശേഷികൾ കൈവരിക്കാൻ ഉതകുന്ന രീതിയിൽ ഉള്ള പ്രവർത്തനങ്ങളുടെ ആവിഷ്കാരം.
* ഓരോ ക്ലാസിലും നേടേണ്ട ശേഷികൾ പൂർണമായും കൈവരിക്കുക.
* ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
* പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളെ മികവിലെത്തിക്കുക.
* കുട്ടികളിൽ സാമൂഹിക അവബോധം - പരിസ്ഥിതി സംരക്ഷണം എന്നിവ വളർത്തുക.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ പ്രയോജനപ്പെടുത്തി കുട്ടിയെ വായനയുടെ ലോകത്തിലെത്തിക്കുക.
* പിന്നോക്കക്കാർക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടും മുന്നോക്കക്കാരെ ഉയർത്തിക്കൊണ്ടും സമഗ്ര വികസനം ഉറപ്പാക്കുക.

# വിദ്യാലയം - മികവിന്റെ കേന്ദ്രം.

* എല്ലാ കുട്ടികൾക്കും എഴുത്തും വായനയും പ്രാപ്തമാക്കുക.
* ഗണിത ശാസ്ത്ര മേഖലകളിൽ താൽപര്യം ജനിപ്പിക്കുക.
* സാങ്കേതിക വിദ്യയിൽ പ്രാവീണ്യം നേടുക.
* വായനാ ശീലം വളർത്തുന്നതിനായി ലൈബ്രറി-കൾ - വായനാമുറികൾ - ക്ലാസ് ലൈബ്രറികൾ സജ്ജമാക്കുക.
* കലാ കായിക പ്രവൃത്തി പരിചയത്തിന് സാഹചര്യം ഒരുക്കുക.
* കൃഷി ഒരു സംസ്കാരമായി കുട്ടികളിൽ വളർത്തുക.
* ആധുനിക സൗകര്യങ്ങളോട് കൂടിയ ക്ലാസ് മുറി സജ്ജമാക്കുക.
* ശുചിത്വം ഒരു ജീവിതചര്യയാക്കി മാറ്റുക.
* ഗ്രീൻ - പ്രോട്ടോക്കോൾ അനുസരിച്ചുള്ള വിദ്യാലയ നവീകരണം.
* ജൈവ വൈവിധ്യം നിലനിർത്തേണ്ടതിന്റെ ആവശ്യകത.

* ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ വ്യത്യസ്തമായ പ്രോഗ്രാമുകൾ ഒരുക്കുക. (മലയാളത്തിളക്കം, ശ്രദ്ധ)

* കലാ കായിക പ്രവൃത്തി പരിചയ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് അനുഗുണമായ ഭൗതിക സാഹചര്യം സൃഷ്ടിക്കുക.

* ഭിന്ന ശേഷിക്കാരെ പരിഗണിച്ചുകൊണ്ടുള്ള വിദ്യാഭ്യാസം.

* സ്വാഭാവിക അന്തരീക്ഷത്തിലൂടെയുള്ള ഇംഗ്ലീഷ് പഠനം

* ഇംഗ്ലീഷ് ഭാഷയിൽ വിവിധ വ്യവഹാര രൂപങ്ങൾ നിർമിക്കുന്നതിനുള്ള കഴിവ് കുട്ടികളിൽ വളർത്തുക.

* പ്രീ പ്രൈമറി വിദ്യാഭ്യാസം കൂടുതൽ ആകർഷകവും മികവുറ്റതുമാക്കുക.

*

# പദ്ധതി രൂപീകരണം

മണ്ണനാട് ഗ്രാമ പഞ്ചായത്തിലെ നൂറ് വർഷത്തിനു മുകളിൽ പഴക്കമുള്ള ഈ സ്കൂളിന് തീരദേശ വികസന വകുപ്പിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുകയും 2018-ൽ കെട്ടിടം പണി പൂർത്തിയാവുകയും ചെയ്തു. പുതിയ കെട്ടിടം വന്നതിലൂടെ ഭൗതിക സാഹചര്യം മെച്ചപ്പെടുകയും സ്കൂൾ കൂടുതൽ ആകർഷകമാവുകയും ചെയ്തു. ചുറ്റുപാടുമുള്ള സ്കൂളുകളുടെ ആധിക്യവും പല പരിമിതിയും സ്കൂളിനെ ഒരു തരത്തിലും ബാധിക്കാതെ സ്കൂൾ അതിന്റെ ജൈത്രയാത്ര തുടരുന്നു. അക്കാദമികവും ഭൗതികവുമായ പുരോഗതി മുന്നിൽ കണ്ടുകൊണ്ട് മൂന്ന് വർഷത്തേക്കുള്ള ഒരു മാസ്റ്റർ പ്ലാൻ ആണ് തയ്യാറാക്കുന്നത്.

# പിന്നിട്ട പ്രവർത്തനങ്ങൾ

2018-ൽ സ്കൂൾ കെട്ടിടം പണി പൂർത്തിയാവുകയും ഉദ്ഘാടനം നടത്തുകയും ചെയ്തു. ക്ലാസുകൾ പുതിയ കെട്ടിടത്തിൽ നടക്കുന്നു. ഡൈനിംഗ് ഹാൾ, അടുക്കള എന്നിവ പ്രത്യേകമായി പണിതു.

## അക്കാദമിക പ്രവർത്തനങ്ങൾ

- പ്രവേശനോത്സവം.
- പരിസ്ഥിതി ദിനം
- വായനവാരാചരണം, വിദ്യാരംഗം കലാസാഹിത്യവേദി.
- ചാന്ദ്രദിനം
- ബഷീർ ദിനം
- ഹിരോഷിമ നാഗസാക്കി ദിനം
- സ്വാതന്ത്ര്യ ദിനം
- ഓണാഘോഷം
- അധ്യാപക ദിനം
- ഓസോൺ ദിനം
- നബിദിനാഘോഷം
- ക്രിസ്മസ് ആഘോഷം
- ഗാന്ധിജയന്തി
- കേരളപ്പിറവി
- റിപ്പബ്ലിക് ദിനം
- ശാസ്ത്ര ദിനം

# ഏറ്റെടുത്ത പ്രവർത്തനങ്ങൾ

- വായന [എല്ലാ കുട്ടികളും എഴുത്തിന്റെയും വായനയുടെയും ലോകത്ത്]
- ക്വിസ് മത്സരങ്ങൾ
- അമ്മ വായന
- ശാസ്ത്രഗണിതശാസ്ത്ര പ്രവൃത്തി പരിചയ ശില്പശാലകൾ വിദ്യാരംഗം കലാസാഹിത്യ വേദി സൃഷ്ടികൾ
- കലാകായിക പരിശീലനങ്ങൾ
- ഒരു ദിനം ഒരറിവ് [പൊതു വിജ്ഞാനം വർദ്ധിപ്പിക്കുന്ന കുട്ടികളെ പൊതു സമൂഹവുമായി ബന്ധിപ്പിക്കാനും]
- A word a day
- സുംബ ഡാൻസ്
- പച്ചക്കറി കൃഷി
- ക്ലാസ് ലൈബ്രറി
- സ്കൂൾ ലൈബ്രറി
- പോഷക സമൃദ്ധമായ ആഹാരം.
- വിവിധ ക്ലബുകൾ
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ദിവസവും അരമണിക്കൂർ 'പിന്തുണാ പഠനം'.
- ദിനശേഷി കുട്ടികൾക്കായി BRC തല ട്രെയിനറുടെ സേവനം ആഴ്ചയിൽ ഒരിക്കൽ.
- പത്രക്വിസ്
- LSS പരിശീലനം.

# നിലവിലെ അവസ്ഥാ വിശകലനം

- ചുറ്റുമതിൽ ഇല്ല.
- കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്റൂം എന്നിവയുടെ അഭാവം.
- കളിസ്ഥലത്തിന്റെ പരിമിതി.
- ലൈബ്രറി പ്രവർത്തനം മെച്ചപ്പെടുത്തൽ
- മൈക്ക് സെറ്റിന്റെ പരിമിതി.
- ക്ലാസ് മുറികളിലെ തറ ഇളകി കിടക്കുന്നത്.
- സ്കൂളിലേക്ക് അപകടാവസ്ഥയിൽ ചാഞ്ഞു നിൽക്കുന്ന മരം.
- മെച്ചപ്പെട്ട ബാത്ത്റൂമുകളുടെ അഭാവം.
- അടുക്കള മാലിന്യം നിർമാർജ്ജനം ചെയ്യാനുള്ള പദ്ധതിയുടെ അഭാവം.
- സ്ഥല പരിമിതി.

# മികവുകൾ

- ശാസ്ത്ര പ്രവൃത്തി പരിചയ കലാ മേളകളിലെ മികച്ച നേട്ടങ്ങൾ.
- ശുചിത്വ മിഷന്റെ ഭാഗമായി ഹരിത വിദ്യാലയത്തിനുള്ള അംഗീകാരം നേടി.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

മേഖല : അക്കാദമികം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

## മലയാളം

# ആമുഖം.

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാരരൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതകളുള്ളതുമായ വിവിധ പദ്ധതികൾ വികസിപ്പിക്കുന്നതിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ഉൽപ്പന്നങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മുതിർന്നവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവ മാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാ ശില്പശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ, വായനക്കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മുതിർന്നവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു വായിക്കുന്നു.

- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ഉല്പന്നങ്ങൾ.
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുങ്ങുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പഠനം ഗ്രഹിച്ച് മറ്റ് വ്യവഹാരരൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.
- സ്വതന്ത്രമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

ഇരുൻ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട് ബുക്ക്, സചിത്ര അനുഭവം, അക്ഷരമാല മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ.

പ്രവർത്തനങ്ങൾ.

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിറങ്ങൾ എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെറ്റീരിയൽസ് നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികാസത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.

- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപാട്ടുകൾ ചിത്ര വായന കാർഡുകൾ എന്നിവ ഒരുക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്തംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വന്തം രചയിതാക്കളും വായനക്കാരുമാക്കി മാറ്റുന്നു.

# ഒക്ടോബർ

പ്രവർത്തനങ്ങൾ.

- വനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടികവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

# നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ടവായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- വായനോത്സവം തുടങ്ങുന്നു.
- രചനോത്സവം തുടങ്ങുന്നു.
- പത്ര വായനയ്ക്ക് അവസരം ഒരുക്കൽ
- താളാത്മകമായി കവിതകൾ ചൊല്ലൽ.

- സംയുക്ത ഡയറിയിൽ കുട്ടി എഴുതാൻ തുടങ്ങലാകുന്നു.
- ചിത്രവായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പങ്കാളിത്ത സഹായിച്ച് കൂട്ട വായന നടത്തുന്നു.
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവ മാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

- പ്രവർത്തനങ്ങൾ
- ഭാഷാ പ്രവർത്തനങ്ങൾ ആകർഷകവും വ്യത്യസ്തവുമായി അവതരിപ്പിക്കുന്നു.
- രചന ശേഷി പരിപോഷിപ്പിക്കൽ
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് പങ്കാളിത്ത സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് അനുയോജ്യതയോടെ എഴുതാൻ കഴിവ് നേടി രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് മെച്ചപ്പെടുന്നു.

ജനുവരി.

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ചെറുരചന ശിൽപശാലകൾ നടന്നു.
- തിയേറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു.
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർന്ന് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്ത

- നങ്ങൾ ജ്ഞാനപങ്കാളിത്തത്തിൽ നടപ്പിലാകുന്നു.
- കുട്ടികളുടെ രചനകൾ ബ്ലോഗിൽ എത്തുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തത്സമയ രചനകൾ നടക്കുന്നു.
- പുസ്തകോത്സവത്തിൽ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കുഞ്ഞുപുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തത്സമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ലൈബ്രറി വായന, സ്വന്തം വായന എന്നിവക്ക് പ്രോത്സാഹനം നൽകുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനാക്കാർഡുകളായി മാറ്റിയിട്ടുണ്ട്.

- രചനോത്സവം ഭാഷാ പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്.
- കുട്ടികളുടെ രചനകൾ ചേർത്ത് കയ്യെഴുത്തു പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനു മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ്മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മക ശേഷി വികസനത്തിനുള്ള കഴിവുകൾ സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികൾക്കും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# ക്ലാസ് 1

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# ഗണിതം

## ആമുഖം.

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഏതൊരു പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ.

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ച് വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- അഞ്ച് വരെയുള്ള എണ്ണങ്ങളെ പകുതിയും കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- ഒറ്റ സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.
- രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒറ്റ സംഖ്യകളുടെ വ്യവകലനം.

- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യ, പാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമിക്കൽ

## ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്.

- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.

• ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്താൻ
• ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും
എന്ന തിരിച്ചറിവ്.
• സംഖ്യാ ഗാനങ്ങൾ ആലപിക്കാൻ.

ഒക്ടോബർ.

• ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ.
• ഒന്നിട വിട്ട സംഖ്യകളാണ് ഒറ്റ സംഖ്യ, ഇരട്ട സംഖ്യ എന്ന
തിരിച്ചറിവ്.
• വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
• ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

• സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
• ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന
പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

• സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ
എഴുതൽ.
• ഗണിത ആൽബം തയ്യാറാക്കൽ.

ജനുവരി.

• ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന
പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- സങ്കലനം വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ പത്ത് വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി.

- ഗണിത ആശയം പി.ടി.എ യിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക പോലുള്ള വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ ക്വിസ് ചെയ്യുന്നു.
- ലളിതമായ ഗണിതകേളികളിൽ ഏർപ്പെടുന്നു.
- ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി ഇരട്ടി എന്നിവ തിരിച്ചറിയുന്നു.

# Academic Master Plan

STD 1

English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and simple sentences.
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities

November

- Prepare reading cards.

- Provide more opportunities to read, write and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

# അക്കാദമിക
# മാസ്റ്റർ
# പ്ലാൻ

## Std 2

(2025-2026)

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ് തല മാസ്റ്റർ - പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം.)

## മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA എന്നിവ നടത്തി എല്ലാ മാസവും പിന്നോക്ക കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

* ചിത്ര കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാ സാമഗ്രികൾ നിർമിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീട്ടു ലൈബ്രറി ഒരുക്കൽ
* ചിത്ര വിവരണം
* വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
* വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ :- ആന
വലിയ ആന
കറുത്ത വലിയ ആന

## നവംബർ

* കുട്ടികളിൽ സ്വന്തമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

* ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ

* ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ

* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ

* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

class : 3

English

Aim : To speak, read and write English without any mistakes

Time : June to March

Pretest

To check the vocabulary and writing skills of pupils.

June and July

- To develop listening skill and reading skills.

Listening skills

1- Games, Action songs, Hello English activities

2. Conversations, skit, stories use ICT

Speaking skills

1- Identify the naming words from the picture.

2- Identify the action words from the same pictures

3. Make simple sentences using the action word and naming words about the picture.

4. Make symbol description about the picture.

5. Growing sentences, pictures reading, self introduction Assembly are also conducted.

Activities

Speech, book review, quiz riddles, self introduction, School radio etc

August and September

Develop the creative speaking and writing.

Reading skill

1- Newspaper reading, library books reading, book review, reading breaking news

2- find words

3- collect and read past tense

4. rhyming words

5- describing words etc

6. Textbook activities

## Writing skills

1- Make word web.
2- picture description with describing words
3- word chain sentence chain,
4- make words and sentences
5- make riddles, conversation,
6. -Add more lines

## Activities

Speech, book review, quiz riddles, self introduction, School radio, makes description, magazines etc.

## October and November

To express thoughts feelings etc.

## Reading skill

1- Newspaper reading, library books reading, book review, reading
2- conversations, skit, stories, use ICT materials.
3- Reads, breaking news
4- develop story
5- Read notice

## Writing skill

1- description
2. notice proclamation
3- Thought

## Activities

Speech, quiz, riddles, School radio, makes magazines, skits etc

## December and January

1- Develop the creative speaking and writing.
2- To express thoughts feelings etc

## Reading skill

1- Newspaper reading, library books reading, book review, reading
2- Conversations, skit, stories, use ICT
3. Reads breaking news
4. develop story
5. Reads diary
6. Reads letters from friends

## writing skills

1- diary
2. letters
3- Announcement

## Activities

Speech, quiz, riddles, School radio makes magazines, skits, class room, post office etc

## February and March

To improve the presentation power

## Reading skill

1- Newspaper reading, library books reading, book review, reading
2.- conversations, skit stories use ICT
3- Reads breaking news
4- develop story,
5- Reads diary
6- Reads letters from friends

## writing skills

1- diary
2- letter
3- Announcement
4- description
5- notice proclamation
6- Thought

## Activities

speech, quiz, riddles, school radio, make magazines, skits, classroom post office, exhibitions etc

ക്ലാസ് : 3

പരിസരപഠനം

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
| --- | --- | --- |
| ജൂൺ | • ചെടികൾ നിരീക്ഷിക്കുന്നു<br>• പ്രകൃതി നടത്തം<br>• വിത്ത് മുളപ്പിക്കൽ<br>• വ്യത്യസ്ത തരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.<br>• പരിസ്ഥിതി ദിനാചരണം<br>• ഹരിത കാർഡ് നിർമാണം | SRG |
| ജൂലൈ | • വ്യത്യസ്ത തരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം<br>• മണ്ണ് നിരീക്ഷണം.<br>• ജൈവ വൈവിധ്യ ഉദ്യാനം നിർമാണം.<br>• ശലഭങ്ങൾ വരുന്ന ചെടികൾ | PTA, SRG |
| വർഷം full | • സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ | SRG, PTA |

| | | |
|---|---|---|
| ഓഗസ്റ്റ് | • മഴമാപിനി നിർമ്മാണം | |
| | • ജല സംരക്ഷണ പോസ്റ്റർ നിർമ്മാണം | |
| | • കിണർ സന്ദർശനം | |
| | • മണ്ണ് നിരീക്ഷണം | SRG |
| | • മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ. | |
| | • മണ്ണ് കൊണ്ടു വ്യത്യസ്ത പരീക്ഷണങ്ങൾ | |
| | • ആശയ പടം തയ്യാറാക്കൽ. | |
| സെപ്റ്റംബർ | • ശുചിത്വ പോസ്റ്റർ നിർമ്മാണം | |
| | • സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ | SRG, PTA |
| | • ആരോഗ്യ ബോധവത്കരണ സെമിനാർ | |
| | • Interview - ആരോഗ്യ പ്രവർത്തകർ | |
| ഒക്ടോബർ | • ഫീൽഡ് ട്രിപ്പ് | |
| | • പഴം പച്ചക്കറികൾ | PTA , MP[illegible] |
| | • food festival | SRG |
| | • എന്റെ ആരോഗ്യ കാർഡ്- ഓരോ കുട്ടിക്കും | |

- BMI കാണുന്നു
- സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ
- ശരിയായ ഭക്ഷണശീലം - posted

നവംബർ

- ആരോഗ്യ വിദഗ്ധരുടെ ക്ലാസ്.
- റോഡ്ഷോ - റോഡ് നിയമങ്ങൾ PTA
- First aid Kit തയ്യാറാക്കൽ
- First aid - Readers theatre
- സ്വയ സുരക്ഷ
  - പത്ര cuttings ചർച്ച
  ബോധവൽക്കരണം

ഡിസംബർ

- പരീക്ഷണങ്ങൾ, നിരീക്ഷണം - (പ്രവർത്തനം - Globe, ICT
- ഗ്ലോബ് നിർമ്മാണം
- ദേശീയ പതാക വരയ്ക്കൽ
- ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ.
- ഭൂപട വായന
- എന്റെ കേരളം - ചിത്രരചന കുറിപ്പ്

| | | |
|---|---|---|
| | ചോദ്യോത്തര പ്പയറ്റ്<br>• ഭൂപ്രകൃതി തിരിച്ചറിയൽ<br>- Google map | |
| ജനുവരി, ഫെബ്രുവരി | • ജീവികളുടെ കൂടുകൾ. ചിത്ര ശേഖരണം<br>• വ്യത്യസ്ത തരം വീടുകൾ - Album.<br>• വീട് നിർമ്മാണ ഇടം - സന്ദർശനം<br>• വ്യത്യസ്ത തരം ജോലികൾ - Survey<br>• Interviews field visit<br>- പൊതു സ്ഥാപനം | SRG, PTA |
| മാർച്ച് | പഠനോത്സവം | PTA, MPTA, SRG, SSK |

ക്ലാസ്: 3

## ഗണിതം

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
| --- | --- | --- |
| ജൂൺ, ജൂലൈ | ലക്ഷ്യം.<br>ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു.<br>• പ്രീടെസ്റ്റ്<br>• ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | SRG |
| ഓഗസ്റ്റ് | ലക്ഷ്യം<br>ചതുരം, 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.<br>• സംഖ്യാപാറ്റേണുകൾ<br>- നാണയങ്ങൾ, കളിനോട്ടുകൾ<br>- പാറ്റേണുകൾ (ഗണിതകളികൾ | SRG |
| സെപ്റ്റംബർ | ലക്ഷ്യം<br>എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | |

| | | |
|---|---|---|
| | - വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | SRG |
| ഒക്ടോബർ, നവംബർ | ലക്ഷ്യം<br>സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക<br>- മന: കണക്കുകൾ<br>- നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | SRG |
| ഡിസംബർ ജനുവരി | ലക്ഷ്യം<br>ഗുണന വസ്തുതകൾ നേടൽ<br>- മന: കണക്കുകൾ<br>- മഞ്ചാടിക്കളി | SRG |
| ഫെബ്രുവരി മാർച്ച് | ലക്ഷ്യം<br>ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ<br>- നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>- ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച് | SRG |

ക്ലാസ് - 3

## മലയാളം

### ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി കുട്ടികൾ എല്ലാവരും സംഘപ്രവർത്തനങ്ങളി-ലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരി-ക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

- കവിതകളും പാട്ടുകളും ആശയ വ്യക്തത-യോടെ താളാത്മകമായി ചൊല്ലി അവതരിപ്പി-ക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാ ഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

ഇതിനായി നടത്തുന്ന മുന്നൊരുക്കങ്ങൾ

### ജൂൺ - ജൂലൈ

കനകച്ചിലങ്ക

· നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)

പഴഞ്ചൊല്ലുകൾ ശേഖരണം

കഥാശേഖരം- ക്ലാസ് ലൈബ്രറി നവീകരണം
(നാട്ടുകഥകൾ)

നാടൻ പാട്ടിലെയും കവിതയിലെയും താളം
(കവിത ചൊല്ലൽ ശില്പശാല)

കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

കടങ്കഥകൾ ശേഖരണം- കടങ്കഥ പാട്ടുകൾ
കടങ്കഥ പതിപ്പ് - കടങ്കഥാപ്പയറ്റ്

കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖ സംഭാഷണം.

കലാരൂപങ്ങൾ വേഷവിധാനം- ചിത്രശേഖരണം - ആൽബം.

പാവ നാടകത്തെ അടുത്തറിയാം- ശില്പശാല

ആഗസ്റ്റ്, സെപ്റ്റംബർ

പലഹാരപ്പാത്തി

കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ

ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ

നാടക ശില്പശാല

റോൾ പ്ലേ അവതരണങ്ങൾ

ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ

ശേഖരണം

പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ

കത്തുകൾ മാതൃകകൾ

ഹരിതകർമ്മ സേനാംഗങ്ങളുമായി അഭിമുഖം

സ്കൂൾ പത്രം

വിമല വിദ്യാലയ ശുചിത്വ പരിപാടി തയ്യാറാക്കൽ

നാടോടി കഥകളുടെ അവതരണം.

നാടൻ പാട്ടുകളുടെ അവതരണം,

പാവ നാടകം അവതരണം

## ഒക്ടോബർ

മനുഷ്യന്റെ കൈകൾ

കൃഷിയിടം സന്ദർശനം

കൃഷി പാട്ടുകൾ കൃഷി ചൊല്ലുകൾ അവതരണം

കുട്ടിക്കളികൾ: കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ

വിവരണം, പതിപ്പ് നാടൻ പാട്ട് ശില്പശാല

മലയാളം Std: IV

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| മികവുറ്റ മലയാളം ഭാഷാപരമായി പിന്നോക്കക്കാരെ പരിഗണിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | S.R.G<br>Class Teacher | P.T.A. |
| വായിക്കാം വളരാം. വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാമൂല, Class library ഒരുക്കൽ, പുസ്തക പരിചയം, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്. പുസ്തക സംവാദം, ആനുകാലിക വായന. | വർഷം മുഴുവൻ. | H.M, SRG<br>Class Teacher<br>CPTA | PTA. |
| അടുത്ത ക്ലാസിലെ പാഠങ്ങൾ പരിചയപ്പെടുത്തൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും കണ്ടെത്തിയ ശേഷികൾ. | പ്രതിമാസം [വർഷം മുഴുവൻ] | SRG<br>Class Teacher | PTA |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ — ലോക ഭാഷ വായിപ്പിക്കൽ. സാഹിത്യകാരന്മാരെ അടുത്തറിയൽ. | സാഹിത്യകാരന്മാരുമായി അഭിമുഖത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher. | |
| കണ്ടറിയാം കേട്ടറിയാം. — അറിവ് ടെക്നോളജിയിലൂടെ നേടൽ ICT | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം. | Class Teacher. | P.T.A. |
| രുചിച്ചറിയാം. നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | ഭക്ഷ്യമേള, പാചക കുറിപ്പുകൾ ശേഖരിച്ച് പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ. | വർഷത്തിൽ ഒന്ന് | S.R.G Class Teacher. P.T.A. | |
| ഓർക്കാം ഓർമ്മിക്കാം (സാഹിത്യകാരന്മാർ) സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ ആചരിക്കൽ. | ഓർമ്മദിനങ്ങൾ ആചരിക്കൽ ടെക്നോളജിയിലൂടെ പ്രദർശനം ചുരുക്ക പരിചയം, ക്വിസ് ലഘുപ്രഭാഷണം, ജീവിത രേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | ആവശ്യാനുസരണം. | S.R.G Class Teacher. PTA. | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ഇലക്കൂട്ട്<br>പാഠഭാഗവുമായി ബന്ധപ്പെട്ട ഇലകൾ തിരിച്ചറിയാൻ. | പ്രദേശവാസികളായ ഇലക്കാരൻമാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. ഇലവിഭവങ്ങൾ - ഇലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിൽ ഒന്ന്. | H.M<br>S.R.G<br>CPTA<br>Class Teacher | P.T.A. |
| സർഗോത്സവം.<br>ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആർജിച്ച വിജ്ഞാനങ്ങളോടെ അവതരിപ്പിക്കാൻ. | കുട്ടികളുടെ സർഗ ശേഷികളുടെ പ്രദർശനം. | വർഷത്തിൽ ഒരിക്കൽ | H.M.<br>S.R.G<br>CPTA.<br>Class Teacher. | |
| | | | | |

## Mathematics

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | [illegible] |
|---|---|---|---|---|
| കളിയാം ഗണിതം. ഗണിത പഠനം രസകരമാക്കൽ. ചതുഷ്ക്രിയകൾ ലളിതമാക്കൽ. | വിവിധ തരം കളികൾ ആസൂത്രണം ചെയ്യുക, നാടൻ കളികൾ മൂല്യനിർണയം - ഗണിതപ്പാട്ട് , ചെസ്സ് കളി വ്യവകലനം - ഗുണനം മത്സരക്കളി. | വർഷം മുഴുവൻ. | S.R.G Class Teacher. | |
| ദിനാചരണങ്ങളിലൂടെ പഠനം. ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - ചരിത്ര ബോധ വികാസം | ദിനാചരണ പരിപാടികളുടെ നിർവ്വഹണ പ്രവർത്തനം. | വർഷത്തിൽ ദിനാചരണ ദിവസങ്ങൾ. | Class Teacher | |
| ഗണിത ലാബ്. ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ. | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ. | HM S.R.G Class Teacher | |
| ഗണിത മൂലകൾ ഗണിത രൂപങ്ങളിലൂടെ പ്രശ്നങ്ങളെ തിരിച്ചറിയൽ. | ഗണിതമൂലകൾ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ. | | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പ[illegible] |
|---|---|---|---|---|
| ഗണിത പഠനോപകരണ ശില്പശാല. പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം. | ആവശ്യാനുസരണം | S.R.G Class Tr | PTA |
| ഗണിത മേള. ഗണിത ശേഷികളുടെ പ്രദർശനം. (പ്രകടനം) | പ്രശ്നോത്തരി, പസിൽ, പാട്ടുകൾ, പഠന മത്സരങ്ങളുടെ പ്രദർശനം. | വർഷത്തിലൊന്ന്. | S.RG Class Tr | PT |

## പരിഹാര പഠനം:

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സഹായിക്കേണ്ടവർ |
|---|---|---|---|---|
| പ്രകൃതി നടത്തം - നിരീക്ഷണം അറിവു നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ്കൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | H.M CPTA. | P.T.A |
| ശാസ്ത്രക്ലബ്:- ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | H.M S.R.G Class Tr | P.T.A S.S.A |
| ശാസ്ത്രമേള:- ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ, അന്വേഷണ ത്വര വളർത്താൻ. | വിനോദ നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക്, ശാസ്ത്ര മേളകൾ പ്രദർശനങ്ങൾ എന്നിവ നടത്തൽ. | ആവശ്യാനുസരണം. | H.M. S.R.G CPTA. Class Tr. | PTA. രക്ഷിതാക്കൾ. |
| ഭൂപടനിർമ്മാണം:- ലോകം ഇന്ത്യ. ഭൂപട വായന, സൂചിക പരിചയപ്പെടൽ. | ഭൂപട വായന, ഭൂപട ചിത്ര സൂചികാ നിർമ്മാണം | വർഷത്തിൽ ഒന്ന് | S.R.G Class Tr. | PTA. |
| ശാസ്ത്ര വിസ്മയ ചുമർ:- ശാസ്ത്രപഠനം രസകരമാക്കൽ. | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | S.R.G. Class Tr | P.T.A. |
| | | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രോത്സവം:- ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്രപതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ. | H.M S.R.G Class Tr. | P.T.A. |
| ശാസ്ത്രമാസിക:- ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒന്ന്. | H.M S.R.G Class Tr. | PTA. |
| | | | | |

## English:-

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| English അസംബ്ലി ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനും ഉള്ള ശേഷി മെച്ചപ്പെടുത്താൻ. | ആഴ്ചയിൽ രണ്ട് ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ ചുമതല നിശ്ചയിക്കപ്പെടുന്ന കുട്ടികൾക്ക്) | വർഷം മുഴുവൻ. | Class Tr. | |
| English ഡയറി:- തെളിവുള്ള English എഴുതാനുള്ള ശേഷി | വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ English ഡയറി കുറിപ്പായി എഴുതുക. | ആഴ്ചയിൽ മൂന്ന് ദിവസം വർഷം മുഴുവൻ. | Class Tr | |
| ഇംഗ്ലീഷ് ഫിയസ്റ്റ:- സർഗാത്മകത പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Coversation Story telling | മാസത്തിൽ ഒന്ന്. | Class Teacher | P.TA |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ സർഗാത്മക രചനാ ശേഷി വികസനം. | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിൽ ഒരിക്കൽ | H.M<br>Class Teacher<br>SMC | SMC |
| English-കൈയെഴുത്ത് English ഭാഷയിലുള്ള രചനാ വികാസ്. | സ്കൂളിലെ വിശേഷ ദിവസ-ങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് [illegible] | മാസത്തിൽ ഒന്ന്. | Class Teacher | |
| English-Corner.<br>വായനാപരിപോഷണം. | കുട്ടികളുടെ നിലവാരത്തിനനു-സരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളി-ച്ച് വായനാ മൂല ഒരുക്കൽ.<br>വായനാക്കുറിപ്പ് ഒരുക്കൽ.<br>വായനാ കുറിപ്പ് - പുസ്തക പരിചയം | ആഴ്ചയിൽ ഒന്ന്. | Class Tr. | |
| English നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. | വായനാ മത്സരം<br>രചനാ മത്സരം<br>മറ്റു സർഗാത്മക പ്രവർത്തന-ങ്ങളുടെ അവതരണം. | അവധി കാലം. | S.R.G.<br>H.M, Class Tr | P.T.A. |

# ഉപസംഹാരം

ചാത്തന്നൂർ ഉപജില്ലയിൽ മെച്ചപ്പെട്ട പഠന നിലവാരം പുലർത്തുന്ന സ്കൂളുകളിൽ ഒന്നായ ഗവൺമെന്റ് മോഡൽ L.P.S ശാസ്താംകോവിലിന്റെ അക്കാദമിക ഭൗതിക നിലവാരം മെച്ചപ്പെടുത്തുന്നതിന് വരുന്ന മൂന്ന് വർഷം കൊണ്ട് കൈവരിക്കേണ്ട നേട്ടങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഭാഷ അനായാസമായി കൈകാര്യം ചെയ്യുന്നതിനോടൊപ്പം ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്ര പ്രവൃത്തി പരിചയ വിഷയങ്ങളിൽ പ്രാവീണ്യവും പരിശീലനവും നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഓരോ അക്കാദമിക പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുള്ളത്. ബഹുദിന പ[illegible]ങ്ങളോടെ സാമൂഹ്യ പിന്തുണയോടെ സർക്കാർ സഹായങ്ങളോടെ പദ്ധതികളെല്ലാം കർമ്മപഥത്തിലെത്തിക്കാൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

മിനിമോൾ. L<br>ഹെഡ്മിസ്ട്രസ്

SRG കൺവീനർ<br>മഞ്ജു. ജെ. ഗോമസ്

ഹസീന SMC ചെയർമാൻ